**റൂളിംഗ്**

(2) നിയമസഭാ ചട്ടലംഘനം

മി. സ്പീക്കർ: നിയമസഭയുടെ മുമ്പാകെ നിലവിലുള്ള ഒരു ബില്ലിലെ വ്യവസ്ഥകൾ മുഴുവനായോ, ഭാഗികമായോ അഥവാ ഭേദഗതിയോടുകൂടിയോ ഉൾക്കൊള്ളുന്ന ഒരു ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തുമ്പോഴെല്ലാം ഓർഡിനൻസ് പുറപ്പെടുവിച്ചതിന് തൊട്ടടുത്തുവരുന്ന സമ്മേളനത്തിന്റെ ആരംഭത്തിൽ ഓർഡിനൻസ്‌വഴി അടിയന്തര നിയമനിർമ്മാണം നടത്തേണ്ടതാവശ്യമാക്കിത്തീർത്ത സാഹചര്യങ്ങൾ വിശദീകരിക്കുന്ന ഒരു പ്രസ്താവന ബന്ധപ്പെട്ട വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് ചട്ടം 75 (2)-ൽ വ്യവസ്ഥ ചെയ്തിരിക്കെ സഭയുടെ പരിഗണനയിലിരിക്കുന്ന 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതന വിദ്യ സർവ്വകലാശാല ബിൽ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 2021-ലെ 113- ാം നമ്പർ ഓർഡിനൻസ് 2021 ഒക്ടോബർ 4-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ച വേളയിൽ അതോടൊപ്പം ചട്ടം 75 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്തുവച്ചിട്ടില്ലെന്നും അത് ക്രമപ്രകാരമല്ലെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല

ചട്ടം 303 പ്രകാരം ഇവിടെ ഒരു ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

ഈ ക്രമപ്രശ്നത്തിന് ആധാരമായ വിഷയം വിശദമായി ചെയർ പരിശോധിക്കുകയുണ്ടായി. ഓർഡിനൻസിനോടൊപ്പം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടിയിരുന്ന ചട്ടം 75 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് യഥാസമയം നിയമ വകുപ്പിൽനിന്നും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിരുന്നെങ്കിലും ഇത്തരം രേഖകൾ കൈകാര്യം ചെയ്തുവരുന്ന മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച സമിതി സെക്ഷനിൽ പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ സംഭവിച്ച പിഴവാണ് ഇത്തരത്തിലൊരു വീഴ്ചയിലേയ്ക്ക് നയിക്കപ്പെട്ടതെന്നാണ് കാണുന്നത്. സഭാ നടപടികളുമായി ബന്ധപ്പെട്ട് ഏറെ അവധാനതയോടെ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളിൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചെയർ താക്കീത് ചെയ്യുന്നു.

2021-ലെ 113-ാം നമ്പർ ഓർഡിനൻസുമായി ബന്ധപ്പെട്ട് ചട്ടം 75 (2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് പ്രത്യേക ലിസ്റ്റ് മുഖേന ഇന്ന് സഭയുടെ മേശപ്പുറത്ത് വച്ചുകഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ സംഭവിച്ച വീഴ്ച ഒരു ക്രമപ്രശ്നത്തിലൂടെ

സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന ശ്രീ. രമേശ് ചെന്നിത്തലയോട് നന്ദി രേഖപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ ക്രമപ്രശ്നം തീർപ്പാക്കിയിരിക്കുന്നു.